# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5479** **18.11.2019-ലെ മറുപടിക്ക്**

**<u>നോർക്ക മുഖാന്തിരം ലഭ്യമാക്കുന്ന സേവനങ്ങൾ</u>**

| **<u>ചോദ്യം</u>**<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | **<u>മറുപടി</u>**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | നോർക്കയുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | നോർക്കയുടെ കീഴിൽ (1)നോർക്ക-റൂട്ട്സ്, (2)കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, (3)പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നൽകുന്ന സേവനങ്ങളും, ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും, മാനദണ്ഡങ്ങളും **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സേവനങ്ങൾ ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്താക്കെയാണെന്നും വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത സേവനങ്ങൾ ലഭ്യമാകാൻ വിദേശങ്ങളിലും നാട്ടിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്താക്കാമോ; | (സി) | **നോർക്ക-റൂട്ട്സിന്റെ** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖേനയും 14 ജില്ലാ ഓഫീസുകൾ മുഖേനയും, വിദേശങ്ങളിൽ ഉള്ള മലയാളി സംഘടനകൾ മുഖേനയും, ഓൺലൈൻ വഴിയും വിവിധ സേവനങ്ങൾ ലഭ്യമാകാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡി**നെ സംബന്ധിച്ച് അംഗത്വ രജിസ്ട്രേഷനായി ഓഫ് ലൈൻ/ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇന്ത്യയിൽ വിവിധ അംഗീകൃത ബാങ്കുകൾ, പ്രവാസി സഹകരണ സംഘങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ, വിദേശത്തുള്ള മണി എക്സ്ചേഞ്ച് തുടങ്ങിയവ വഴി പ്രവാസി ക്ഷേമനിധി അംഗത്വം എടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ** എല്ലാ മാസങ്ങളിലും എറണാകുളം ജില്ലയിൽ സിറ്റിംഗും, സംസ്ഥാനത്തുടനീളം നിശ്ചിത കാലയളവുകളിൽ ജില്ലാ അദാലത്തുകൾ നടത്തി പരാതികൾ സ്വീകരിച്ചുവരുന്നുണ്ട്. വിദേശി ഭാരതീയരായ കമ്മീഷന്റെ 2 അംഗങ്ങൾ മുഖേനയും പരാതികൾ |

പരിഹരിച്ചുവരുന്നു. കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതും എന്നാൽ ഭാരതത്തിന് പുറത്ത് ജോലി നോക്കുന്നതിനോ പഠനത്തിനോ തൊഴിലിനോ വ്യാപാര സംബന്ധമായ ആവശ്യത്തിനോ, മറ്റ് ഏതെങ്കിലും ആവശ്യത്തിനായി നിശ്ചിതമല്ലാത്ത കാലയളവിലേക്ക് ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഒരു വ്യക്തിക്കും അയാളുടെ കുടുംബാംഗങ്ങൾക്കും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ സേവനം ലഭിക്കുന്നതാണ്.

(ഡി) നോർക്കയുടെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ എന്നും അവിടങ്ങളിലുള്ള സ്റ്റാഫുകളടക്കമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) **നോർക്ക-റൂട്ട്സിന്റെ** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ റീജണൽ ഓഫീസുകൾ ഒഴികെയുള്ള 11 ജില്ലാകളക്ടറേറ്റുകളിൽ നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നു. 11 ജില്ല കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ജില്ലാ സെല്ലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്ചേഞ്ച് മുഖേന ഓരോ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്.

**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്** നടപ്പിൽ വരുത്തിയിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി തിരുവനന്തപുരത്ത് ഹെഡ് ഓഫീസും (25 ജീവനക്കാർ) എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓരോ റീജിയണൽ ഓഫീസും (9 ജീവനക്കാർ) മലപ്പുറത്ത് ഒരു ലെയ്സൺ ഓഫീസും (2 ജീവനക്കാർ) പ്രവർത്തിച്ചു വരുന്നു.

**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ** ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. എല്ലാ മാസങ്ങളിലും എറണാകുളം ജില്ലയിൽ സിറ്റിംഗും, സംസ്ഥാനത്തുടനീളം നിശ്ചിത കാലയളവുകളിൽ ജില്ലാ അദാലത്തുകളും നടത്താറുണ്ട് .

(ഇ) നോർക്കയിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) **നോർക്ക-റൂട്ട്സിൽ** നിന്ന് ലഭ്യമാകുന്ന സേവനങ്ങളുടെ കുറിച്ച് വിവിധ പത്രമാധ്യമങ്ങളിലൂടെ വാർത്തയും, പരസ്യവും നൽകി അവബോധം ഉണ്ടാക്കുന്നു. കൂടാതെ പ്രവാസി സംഘടനകൾ സംഘടിപ്പിക്കുന്ന യോഗങ്ങളിൽ സേവനങ്ങളെപ്പറ്റി വിശദീകരിക്കാറുണ്ട്. ലഘുലേഖകൾ വിതരണം ചെയ്തും, സോഷ്യൽ മീഡിയ തുടങ്ങിയ നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിയും അവബോധം സൃഷ്ടിക്കുന്നുണ്ട്. വിദേശത്ത് പോകുവാൻ തയ്യാർ എടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ ജില്ലകളിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ

പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ** സേവനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഇന്ത്യയ്ക്കകത്തും, പുറത്തും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേരളത്തിനകത്തും പുറത്തും ഇത്തരത്തിലുള്ള പരിപാടികളും അദാലത്തുകളും ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്.

**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ** നിശ്ചിത കാലയളവുകളിൽ ജില്ലയിൽ ബോധവൽകരണ ക്ലാസ്സുകളും, സെമിനാറുകളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

**(I)നോർക്ക-റൂട്ട്സ് :-**

**(1)സാന്ത്വന ധനസഹായ പദ്ധതി** - പ്രവാസി ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് സഹായത്തിനായുള്ള പദ്ധതി. ടി പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിലധികമാകുവാൻ പാടില്ല. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തിരിക്കണം. തിരികെയെത്തിയിട്ട് വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തുവർഷം, ഇവയിൽ ഏതാണോ കുറവ് ആ സമയപരിധിക്കുള്ളിൽ അപേക്ഷിക്കണം. അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും, ധനസഹായം സ്വീകരിക്കുമ്പോഴും വിദേശത്തായിരിക്കാൻ പാടുള്ളതല്ല.

**(2)പ്രവാസി പുനരധിവാസ പദ്ധതി (NDPREM)** - തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് **(NDPREM).** അപേക്ഷകൻ കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തിരിക്കണം. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ഉള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്ക് വായ്പ മുഖേന ലഭ്യമാക്കുന്നു.

**(3)എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി** - പൊതുമാപ്പ്, യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽനിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ വിദേശകാര്യ മന്ത്രാലത്തിന്റെ സഹായത്തോടുകൂടി മാറ്റേണ്ട സാഹചര്യത്തിൽ നടപ്പിലാക്കുന്ന സഹായ പദ്ധതി.

**(4)നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും** - വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീയുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

**(5)സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ** - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ (എച്ച്. ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിന് പുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ നോർക്ക-റൂട്ട്സിനെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകർക്ക് പാസ്പോർട്ട് ഉണ്ടായിരിക്കണം. കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതാണ്.

**(6)വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ്** - വിദേശരാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക-റൂട്ട്സ്. അപേക്ഷകർക്ക് പാസ്പോർട്ട് ഉണ്ടായിരിക്കണം, ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളും ഉണ്ടായിരിക്കണം.

**(7)പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ** - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും, സുരക്ഷിതത്വവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

**(8)ജോബ് പോർട്ടൽ** - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടേയും

ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

**(9)നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്** - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. നിലവിൽ കേരളത്തിലെ നാല് വിമാനത്താവളങ്ങൾക്ക് പുറമെ കേരളത്തിന്റെ തൊട്ടടുത്തുള്ള മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ കൂടി ടി സർവ്വീസ് ലഭ്യമാണ്.

**(10)പ്രവാസി നിയമസഹായ പദ്ധതി** - കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ. ജി.സി.സി രാജ്യങ്ങളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു.

**(11)ലോക കേരള സഭ** - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.

**(12)നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി** - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തിട്ടുള്ള ഇ.സി.ആർ. കാറ്റഗറിയിൽ ഉൾപ്പെട്ട അവിദഗ്ധ തൊഴിലാളികൾ, ഹൗസ് ഡ്രൈവർമാർ, വീട്ടുജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയരുടെ കുട്ടികൾക്കും, നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മേൽപ്പറഞ്ഞ കാറ്റഗറിയിൽപ്പെട്ട പ്രവാസികളുടെ കുട്ടികൾക്കും ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. മേൽ സൂചിപ്പിച്ച വിഭാഗത്തിൽപ്പെട്ടവരിൽ തിരികെ വന്നിട്ടുള്ളതും, വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പ്രവാസി മലയാളികളുടെ മക്കൾക്ക് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്.

**(13)ലോക കേരള കേന്ദ്രം** - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ച് കൊണ്ട് കേരളീയ പ്രവാസി കാര്യവകുപ്പിന്റെ (നോർക്ക) അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

**(14)പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം** - പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്. അപേക്ഷ തീയതിയിൽ സംഘത്തിൽ കുറഞ്ഞത് 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കുകയും രജിസ്ട്രേഷന് ശേഷം കുറഞ്ഞത് 2 വർഷം പൂർത്തിയായിരിക്കുകയും വേണം. എ, ബി.ക്ലാസ്സ് അംഗങ്ങൾ പ്രവാസികൾ/തിരിച്ചുവന്നവർ ആയിരിക്കണം. ബൈലയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം. സംഘത്തിന്റെ മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കണം.

**(15)നോർക്ക എയർഫെയർ** - ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക-റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്കും, കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ ഇളവ് നൽകുന്ന പദ്ധതിയാണിത്. നിലവിൽ ഒമാൻ എയർവേയ്സ് നോർക്ക-റൂട്ട്സുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 7 ശതമാനം ഇളവ് യാത്രാകൂലിയിനത്തിൽ നൽകി വരുന്നു. കുവൈറ്റ് എയർവേയ്സുമായും ഇത്തരത്തിലുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

**(16)നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)** - കേരളത്തിലെ വ്യവസായ

സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻബിഎഫ് സി യുടെ ലക്ഷ്യം.

**(17)നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം** - വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കി വരുന്നു.

**(18)വനിത എൻ.ആർ.ഐ. സെൽ** - കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ. സെൽ രൂപീകരിച്ചു.

**(19)നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ** - ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്ട് സെന്റർ നടപ്പിലാക്കി പ്രവർത്തിക്കുന്നു.

**(20)നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ/ഇൻഷ്വറൻസ് കാർഡ്** - വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ, താമസിക്കുകയോ ചെയ്യുന്ന 18 വയസ്സിന് മുകളിൽ ഉള്ളവർക്കാണ് 3 വർഷത്തെ കാലാവധിയുള്ള നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നത്. ടി കാർഡിന് അംഗമായിട്ടുള്ളവർക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും സ്ഥിരമായ അംഗവൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെയും നൽകിവരുന്നു.

**(II)<u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്</u> :-**

**(1)പെൻഷൻ**

- 60 വയസ്സ് പൂർത്തിയായതും, 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000/- രൂപ മിനിമം പെൻഷൻ നൽകി വരുന്നു. പരമാവധി പെൻഷൻ 4000/- രൂപയാണ്.
- 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.

**(2)കുടുംബ പെൻഷൻ** - ഒരു അംഗം പെൻഷന് അർഹത നേടിതിന് ശേഷം മരണമടയുന്ന പക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം അയാളുടെ നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(3)അവശതാ പെൻഷൻ** - പ്രവാസി ക്ഷേമ നിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരിരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40% ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(4)മരണാനന്തര ധനസഹായം** - പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, വിദേശത്ത് നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം)

അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(5)ചികിത്സാ സഹായം** - ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ ചികിത്സ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(6)വിവാഹ ധനസഹായം** - കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000/- രൂപ ഒരംഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(7)പ്രസവാനുകൂല്യം** - തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3000/- രൂപയും, ഗർഭം അലസൽ സംഭവിച്ചവർക്ക് 2000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(8)വിദ്യാഭ്യാസ ആനുകൂല്യം** - 2 വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4000/- രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(9)പ്രവാസി ഡിവിഡന്റ് പദ്ധതി** - പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായും ഉള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ഈ പദ്ധതിയിലൂടെ അവരുടെ ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്നു. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിയ്ക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ നിക്ഷേപകർക്ക് ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത് . ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും . ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും പ്രതിമാസമായി ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി / അനന്തരാവകാശിക്കു കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

**(III)<u>പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ:-</u>**

സർക്കാർ നിയോഗിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ പ്രവാസി ഭാരതീയരായ കേരളീയരുടേയും കുടുംബാംഗങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ജില്ലകൾ തോറും നിരവധി സിറ്റിംഗുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. പ്രവാസികളുടെ പരാതികൾക്ക് വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഇതിനകം കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 2016 മുതൽ 2019 ഒക്ടോബർ വരെ ലഭിച്ച 1000 ൽ പരം പരാതികളിൽ 583 എണ്ണം ഒ.പി.കളായി രജിസ്റ്റർ ചെയ്ത് ആയതിൽ 352 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഒ.പി.കളായി രജിസ്റ്റർ ചെയ്യാത്ത പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളുമായി ബന്ധപ്പെട്ട് തീർപ്പാക്കിയിട്ടുണ്ട്.

തിരികെ വന്ന പ്രവാസികൾക്ക് സേവനാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കമ്മീഷന്റെ ഗൾഫ് മേഖലയിലെ അംഗങ്ങൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു. തിരികെയെത്തുന്ന പ്രവാസികൾക്ക് പുനരധിവാസ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളായ വസ്തു/ അതിർത്തി തർക്കം, കുടുംബപ്രശ്നങ്ങൾ, ധനപരമായി കബളിപ്പിക്കൽ എന്നിവയും, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, നോർക്ക-റൂട്ട്സ്, എന്നിവിടങ്ങളിൽ നിന്നും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ എന്നിവയെല്ലാം കമ്മീഷൻ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നുണ്ട്. കൂടാതെ ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ വിദേശത്തുള്ള കേരളീയരായ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു. അദാലത്തുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരാതികളിൽ പരിഹാരം കണ്ടെത്തുന്നതിനും പ്രവാസി കമ്മീഷന് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ